# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 371** — **04/06/2018-ൽ മറുപടിയ്ക്ക്**

**അലോപ്പതി മരുന്നുകളും വാക്സിനുകളും ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനസർക്കാരിന്റെ ഉടമസ്ഥതയിൽ അലോപ്പതി മരുന്നുകളും വാക്സിനുകളും ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | എ) | സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ, ആലപ്പുഴയിലുള്ള കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനം അലോപ്പതി മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. എന്നാൽ വാക്സിനുകൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളൊന്നും തന്നെ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലില്ല. |
| ബി) ഏതെല്ലാം മരുന്നുകളും വാക്സിനുകളുമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നതെന്ന് വിശദമാക്കാമോ? | ബി) | ബീറ്റാലാക്ടം, നോൺ ബീറ്റാലാക്ടം വിഭാഗങ്ങളിൽപ്പെടുന്ന ആന്റി-ബയോട്ടിക്കുകളും (ടാബ്ലെറ്റ്സ്, ക്യാപ്സ്യൂൾസ്, ഡ്രൈ പൗഡർ ഫോർ ഓറൽ സസ്പെൻഷൻസ്), നോൺ ബീറ്റാലാക്ടം വിഭാഗത്തിൽപ്പെടുന്ന അനാൾജെസിക്, ആന്റി ഇൻഫ്ലമേറ്ററി, അന്റാസിഡ്, ആന്റി ഡയേറിയൽ, ആന്റി ഹൈപ്പർ ടെൻസീവ്, ആന്റിഎപിലപ്റ്റിക്, ആന്റിമലേറിയൽ, വൈറ്റമിൻ/മൾട്ടി വൈറ്റമിൻ, സ്റ്റിറോയിഡ്സ്, അന്റിഹിസ്റ്റമെനിക്, ഇമ്മ്യൂണോ സപ്രസന്റ്, ആന്റി റ്റി.ബി, ആന്റി ലെപ്രോട്ടിക്, ആന്റിആസ്മാറ്റിക് എന്നീ വിഭാഗങ്ങളിലുള്ള മരുന്നുകളും നിർമ്മിക്കുന്നതിനുള്ള അനുമതി ഡ്രഗ്സ് കൺട്രോൾ വകുപ്പ് കെ.എസ്.ഡി.പി.യ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ